പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.372    29/06/2015-ൽ മറുപടിക്ക്

# ഇടുക്കി അണക്കെട്ടിലെ ജലനിരപ്പ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. അജിത് | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) ഇടുക്കി അണക്കെട്ടിലെ ഇപ്പോഴത്തെ ജലനിരപ്പ് എത്ര; ഇതിന് മുൻവർഷത്തിൽ നിന്നുള്ള വ്യത്യാസം എത്ര ; വിശദമാക്കുമോ ; | (എ) ഇടുക്കി ജലസംഭരണിയിൽ 2/06/2015 ലെ ജലനിരപ്പ് 2334.30 അടിയാണ്. കഴിഞ്ഞ വർഷം ഇതേ ദിവസം ജലനിരപ്പ് 2316.06 അടിയായിരുന്നു. വ്യത്യാസം 18.24 അടി കൂടുതലാണ്. |
| (ബി) ഈ വർഷത്തെ വേനൽ മഴയിൽ ജലനിരപ്പിൽ വന്ന വ്യത്യാസം എത്ര ; ഇത് മുൻ വർഷത്തേതിൽ നിന്നും എത്ര അടി കൂടുതലാണ്; വെളിപ്പെടുത്തുമോ ; | (ബി) 2015ലെ വേനൽ മഴയിൽ 4357.54 Mcft ജലം ഒഴുകിയെത്തി. 2014ൽ ഈ കാലയളവിൽ 2624.04 Mcft ജലമാണ് ഒഴുകിയെത്തിയത്. 2014നെ അപേക്ഷിച്ച് 1733.41 Mcft ജലം ഈ വർഷം കൂടുതലായി ഒഴുകിയെത്തി . ഈ വ്യത്യാസം ജലനിരപ്പ് 4.6 അടി ഉയരാൻ പര്യാപ്തമാണ്. |
| (സി) കഴിഞ്ഞ നാലു വർഷത്തിനിടയിൽ അണക്കെട്ടിന്റെ വൃഷ്ടി പ്രദേശത്ത് വേനൽ മഴ ഏറ്റവും കൂടുതൽ ലഭിച്ചത് ഏതു വർഷമാണ്; വെളിപ്പെടുത്തുമോ ? | (സി) 2015-ൽ (494.10 Mm മഴ ലഭിച്ചു). ഫെബ്രുവരി, മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലെ മഴയാണ് വേനൽ മഴയായി കണക്കാക്കുന്നത്. |

സെക്ഷൻ ഓഫീസർ